## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4954 — 14.11.2019 -ൽ മറുപടിയ്ക്ക്

### കണ്ണൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ വിഭജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂവിസ്തൃതിയും ജനസംഖ്യയും കൂടുതലുള്ള വില്ലേജ് ഓഫീസുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ വലിയ ജനസംഖ്യയും വിസ്തൃതിയും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന ഒരു പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ കണ്ണൂർ ജില്ലയിൽ ഏതെല്ലാം വില്ലേജുകൾ വിഭജിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) യും (സി) യും | കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് വില്ലേജ് വിഭജനം സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ